## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 361** **10.03.2015-ൽ മറുപടിയ്ക്ക്**

# കേബിൾ വയറുകൾ സ്ഥാപിക്കുന്നതിന് ഇലക്ട്രിക് പോസ്റ്റുകൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) തലസ്ഥാന നഗരിയിൽ മണക്കാട് ഗംഗാ നഗർ, ബലവാൻ നഗർ, എം. എൽ. എ റോഡിന്റെ പരിസരം എന്നീ പ്രദേശത്തെ (ഡിവൈൻ) സ്വകാര്യ കേബിൾ ടി. വി. ഓപ്പറേറ്റർ, അവരുടെ കേബിൾ വയറുകൾ സ്ഥാപിക്കുന്നതിന് കെ. എസ്. ഇ. ബി യുടെ എത്ര ഇലക്ട്രിക് പോസ്റ്റുകൾ ഉപയോഗപ്പെടുത്തി വരുന്നു ; | (എ) ഇലക്ട്രിക് പോസ്റ്റുകളുടെ എണ്ണം തിട്ടപ്പെടുത്തിവരുന്നു. |
| (ബി) ഇവർക്ക് കേബിൾ വയറുകൾ വലിക്കുന്നതിന് കെ. എസ്. ഇ. ബി എത്ര പോസ്റ്റുകൾ ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് ; എന്ത് തുക ഈടാക്കിയിട്ടുണ്ട് ; | (ബി) (സി) & (ഡി) അനുമതി നൽകിയിട്ടില്ല. എങ്കിലും ഇലക്ട്രിക് പോസ്റ്റുകൾ സ്വകാര്യ കേബിൾ ടി.വി. ഓപ്പറേറ്റർമാർ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് റെഗുലറൈസ് ചെയ്യുന്നതിനായി 31/12/2014 ലെ ബോർഡ് ഉത്തരവ് നമ്പർ. B.O.(CMD)No.3446/2014 (D(D&S)/D5/CTV/4373/2014) പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. |
| (സി) അനുമതി നൽകിയതിൽ കൂടുതൽ ഇലക്ട്രിക് പോസ്റ്റുകൾ ഈ സ്വകാര്യ കേബിൾ ടി. വി. ഓപ്പറേറ്റർ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ ; | |
| (ഡി) എങ്കിൽ ക്രമക്കേട് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | |

(ഇ) ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും കുറ്റക്കാരായ ഏജൻസികൾക്കെതിരെ നടപടി എടുക്കുന്നതിനും ഗവൺമെൻറ് തലത്തിൽ നിലവിലുള്ള സംവിധാനമെന്തെല്ലാം ; വിശദമാക്കുമോ ?

(ഇ) മേൽ പ്രതിപാദിച്ചിട്ടുള്ള ബോർഡ് ഉത്തരവ് പ്രകാരം അനധികൃതമായി ഇലക്ട്രിക് പോസ്റ്റുകളിൽ കൂടി വലിച്ചിട്ടുള്ള ടി.വി.കേബിളുകൾ 28.02.2015 -നകം നിയമാനുസൃതമാക്കേണ്ടതായിരുന്നു. ഇതിനായി ഓരോ കേബിൾ ടി.വി. ഓപ്പറേറ്റർമാരും ഉപയോഗിച്ചിട്ടുള്ള വൈദ്യുത തൂണുകൾ കൃത്യമായി കണക്കാക്കി, 2011 മുതൽ ടി തൂണുകൾ ഉപയോഗിച്ചു വരുന്നു എന്ന അനുമാനത്തിൽ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ തുക ഒടുക്കേണ്ടതുണ്ട്. എന്നാൽ 2011-12 സാമ്പത്തിക വർഷത്തിനു മുൻപുള്ള കുടിശ്ശിക, കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ എൽ.എ.&ഡി.ഇ.ഒ.യുടെ നേതൃത്വത്തിൽ നടത്തുന്ന അദാലത്തിൽ ഒത്തു തീർപ്പാക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ.**